പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1479 | 06.03.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. പെൻഷൻ ധാരണാപത്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി<br>" വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് സഹകരണ ബാങ്കുകളുമായി സർക്കാർ ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; എങ്കിൽ വ്യവസ്ഥകൾ എന്തെല്ലാമാണ് എന്നറിയിക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന പെൻഷൻ നൽകുന്നതിന് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്, സർക്കാർ, കെ.എസ്.ആർ.ടി.സി എന്നിവർ ചേർന്ന് ധാരണ പത്രം ഒപ്പുവെച്ചിട്ടുണ്ട്. നിലവിൽ കുടിശ്ശികയുള്ള അഞ്ച് മാസത്തെ പെൻഷൻ വിതരണം നടത്തി കഴിഞ്ഞു. തുടർന്ന് 2018 ജൂലൈ വരെയുള്ള പ്രതിമാസ പെൻഷനും പ്രസ്തുത ധാരണ പ്രകാരം വിതരണം ചെയ്യുന്നതാണ്. സഹകരണ ബാങ്കുകൾ വിതരണം നടത്തിയതും നടത്തുന്നതുമായ പെൻഷൻ തുക കെ.എസ്.ആർ.ടി.സി.യ്ക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആയിരം കോടി രൂപയുടെ ധനസഹായത്തിൽ നിന്നും 10% പലിശ ഉൾപ്പെടെ കെ.എസ്.ആർ.ടി.സി. തിരിച്ചടയ്ക്കുന്നതാണ്. |
| (ബി) | ഇതുവഴി പെൻഷൻ മുടങ്ങാതെ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പുതിയ ധാരണ പ്രകാരം സർക്കാരിനോ കെ.എസ്.ആർ.ടി.സി.യ്ക്കോ ഏതെങ്കിലും തരത്തിലുള്ള അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | സഹകരണ ബാങ്ക് കൺസോർഷ്യം മുഖേന വിതരണം ചെയ്യുന്ന പെൻഷൻ തുകയുടെ പലിശയിനത്തിൽ അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നുണ്ട്. ഈ ബാദ്ധ്യത സർക്കാർ സഹായത്തോടെ കെ.എസ്.ആർ.ടി.സി തിരിച്ചടയ്ക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**